**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 420** **20-03-2025 - ൽ മറുപടിയ്ക്ക്**

**നൈറ്റ് ലൈഫ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ആധുനിക നഗരവികസനത്തിന് ഉതകുംവിധം നൈറ്റ് ലൈഫ് ടൂറിസം വികസിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആഭ്യന്തര - വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നൈറ്റ് ലൈഫ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടൂറിസം വകുപ്പിന്റെ കൂടി സഹകരണത്തോടെ തിരുവനന്തപുരം മാനവീയം വീഥിയെ നൈറ്റ് ലൈഫ് കേന്ദ്രമാക്കി വികസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം കനകകുന്ന് കൊട്ടാരവളപ്പിൽ നൈറ്റ് ലൈഫ് ടൂറിസത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കി. കൊല്ലത്ത് റെയിൽവെ ഓവർ ബ്രിഡ്ജിന് അടിയിൽ ആരംഭിച്ച 'വീ പാർക്ക്' നൈറ്റ് ലൈഫ് കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുകയാണ്. നൈറ്റ് ലൈഫ് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാന നഗരങ്ങളിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ഇതിനു പുറമെ തിരുവനന്തപുരം നഗരത്തിൽ സ്മാർട്ട് സിറ്റിയുമായി ചേർന്നും, ടൂറിസം വകുപ്പ് ഫണ്ട് ഉപയോഗപ്പെടുത്തിയും ഇത്തരം ഇടനാഴികളും പാർക്കുകളും വികസിപ്പിച്ചു വരുന്നു. കോഴിക്കോട് നഗരത്തെ കൂടുതൽ ആസ്വാദ്യകരമാക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൊച്ചിയിൽ പദ്ധതി തയ്യാറാക്കുന്നു. ഇതിനു പുറമെ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും നൈറ്റ് ലൈഫ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിയിട്ടുള്ള പ്രധാന നൈറ്റ് ലൈഫ് പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (സി) | നൈറ്റ് ലൈഫ് ടൂറിസത്തിന്റെ ഭാഗമായി ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി | (സി) | നൈറ്റ് ലൈഫ് ടൂറിസം വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുക. ആവശ്യമായ സുരക്ഷ ഒരുക്കുന്നതിന് പോലീസിന്റെ |

| | | | |
|---|---|---|---|
| | എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | സഹായം തേടുന്നുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം വകുപ്പിന്റെ നേതൃത്വത്തിൽ സെക്യൂരിറ്റി ജീവനക്കാരെയും നിയോഗിക്കുന്നുണ്ട്. സുരക്ഷയുടെ ഭാഗമായി നിരീക്ഷണ ക്യാമറകളും സ്ഥാപിക്കുന്നുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ആവശ്യമായ ലൈറ്റിംഗും സജ്ജീകരിക്കുന്നുണ്ട്. |
| (ഡി) | നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ ആധുനിക അടിസ്ഥാനസൗകര്യവികസന പദ്ധതികൾ എന്തൊക്കെയായാണെന്ന് അറിയിക്കാമോ? | (ഡി) | നൈറ്റ് ലൈഫ് ടൂറിസത്തിന്റെ ഭാഗമായി ഇത്തരം പൊതു ഇടങ്ങളെ പാർക്കുകളായും മറ്റും ആർഷകമാക്കുന്ന പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സുരക്ഷാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നഗര കേന്ദ്രങ്ങളിലെ കെട്ടിടങ്ങൾ ലൈറ്റിംഗിലൂടെ ആകർഷകമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ